**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1220** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>റബർ കർഷകർക്കുള്ള സഹായം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മാണി. സി. കാപ്പൻ

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ റബർ കർഷകരെ സഹായിക്കുന്നതിനായി റബറിന്റെ തറവില ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാന സർക്കാർ 2015-16 മുതൽ റബർ ഉൽപ്പാദന പ്രോത്സാഹന പദ്ധതി (Rubber Production Incentive Scheme - RPIS) നടപ്പിലാക്കി വരുന്നു. ഈ പദ്ധതിപ്രകാരം ആർ.എസ്.എസ്.-4 ഗ്രേഡ് റബറിന് സംഭരണവില കാലാകാലങ്ങളിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. 2026-27-ലെ പുതുക്കിയ സംസ്ഥാന ബജറ്റ് അവതരണത്തിൽ റബറിന്റെ പ്രോത്സാഹനവില കിലോഗ്രാമിന് ₹200-ൽ നിന്ന് 250 ആയി വർദ്ധിപ്പിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

| **വർഷം** | **ആർ.എസ്.എസ്.-4 ഗ്രേഡ് റബർ തറവില (₹/ കിലോഗ്രാം)** |
|---|---|
| 2015-16 മുതൽ | 150 |
| 2021 ഏപ്രിൽ | 170 |
| 2024 ഏപ്രിൽ | 180 |
| 2025 നവംബർ | 200 |
| 2026-27 പുതുക്കിയ ബജറ്റ് പ്രഖ്യാപനം | 250 |

**(ബി)** നിലവിൽ റബർ ഷീറ്റ് , റബർ പാൽ എന്നിവ എത്ര രൂപ നിരക്കിലാണ് സംഭരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് പ്രകൃതിദത്ത റബർ നേരിട്ട് സംഭരിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. അതിനാൽ റബർ ഷീറ്റ്, റബർ പാൽ എന്നിവയ്ക്ക് ഏറ്റെടുക്കൽ നിരക്ക് നിശ്ചയിച്ചിട്ടില്ല.

**(സി)** റബർ ഷീറ്റ്, റബർ പാൽ, ഒട്ടുപാൽ, ചിരട്ടപ്പാൽ എന്നിവ സംഭരിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് റബർ ഷീറ്റ്, റബർ പാൽ, ഒട്ടുപാൽ, ചിരട്ടപ്പാൽ എന്നിവ സംഭരിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. എന്നാൽ റബർ ഉൽപ്പാദന പ്രോത്സാഹന പദ്ധതി (Rubber Production Incentive Scheme - RPIS) പ്രകാരം രജിസ്റ്റർ ചെയ്ത റബർ ഉൽപ്പാദക സംഘങ്ങൾ/ റബർ സൊസൈറ്റികൾ മുഖേന നടത്തുന്ന റബർ വിൽപ്പനയിൽ, സർക്കാർ നിശ്ചയിച്ചിട്ടുള്ള സംഭരണവിലയേക്കാൾ കുറഞ്ഞ വില ലഭിക്കുന്ന പക്ഷം, ആ വില വ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് പ്രോത്സാഹനമായി നൽകുന്ന സംവിധാനമാണ് നിലവിലുള്ളത്.

**(ഡി)** റബർ മേഖലയിലെ തൊഴിലാളികളുടെ ക്ഷാമവും റബറിന്റെ വിലയിടിവും വളത്തിന്റെ വിലയിലുണ്ടായ വർധനവും മൂലം റബർ കൃഷി കുറഞ്ഞുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ 10 വർഷങ്ങളിൽ എത്ര ഹെക്ടർ കൃഷിയിലാണ് കുറവുവന്നിട്ടുള്ളത് വിശദമാക്കാമോ?

**<u>മറുപടി:</u>** റബർ ബോർഡിന്റെ കണക്കുകൾ പ്രകാരം, 2015-16 മുതൽ 2024-25 വരെയുള്ള കാലയളവിൽ ഇന്ത്യയിലെ ആകെ പ്രകൃതിദത്ത റബർ കൃഷി വിസ്തൃതി 8,10,800 ഹെക്ടറിൽ നിന്ന് 9,39,300 ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്. അതേസമയം കേരളത്തിൽ റബർ കൃഷിവിസ്തൃതി 5,50,840 ഹെക്ടറിൽ നിന്ന് 5,47,740 ഹെക്ടറായി കുറഞ്ഞിട്ടുണ്ട്. ഇതനുസരിച്ച് കഴിഞ്ഞ പത്ത് വർഷത്തിനിടെ സംസ്ഥാനത്ത് റബർ കൃഷി വിസ്തൃതിയിൽ ആകെ 3,100 ഹെക്ടറിന്റെ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.

| വർഷം | കേരളം (ഹെക്ടർ) | ഇന്ത്യ (ഹെക്ടർ) |
|---|---|---|
| 2015-16 | 5,50,840 | 8,10,800 |
| 2016-17 | 5,51,050 | 8,18,000 |
| 2017-18 | 5,51,115 | 8,20,900 |
| 2018-19 | 5,51,200 | 8,22,000 |
| 2019-20 | 5,51,030 | 8,22,300 |
| 2020-21 | 5,50,650 | 8,23,000 |
| 2021-22 | 5,50,000 | 8,26,660 |
| 2022-23 | 5,49,780 | 8,50,000 |
| 2023-24 | 5,48,300 | 8,88,400 |
| 2024-25 | 5,47,740 | 9,39,300 |

**സെക്ഷൻ ഓഫീസർ**